# ഇസ്‌ലാമിക ശരീഅത്തും പരിവർത്തനവിധേയമായ സമൂഹവും

സയ്യിദ് ഖുത്വ്ബ്

ഇസ്‌ലാമിക ശരീഅത്ത് സുസ്ഥിരമാണ്; മാറ്റത്തിന് വിധേയമല്ല. കാരണം, മനുഷ്യരാശിക്കാകമാനം തന്റെ ഇഷ്ടദാനമായി അല്ലാഹു നൽകിയ ഈ സത്യദീനിന്റെ അടിസ്ഥാനപരമായ സാമാന്യ സിദ്ധാന്തങ്ങളാണവ. "അല്ലാഹുവിങ്കൽ സ്വീകാര്യമായ ദീൻ ഇസ്‌ലാമത്രെ" (3:19). "ഇസ്‌ലാമല്ലാത്തതിനെ ദീനായി ആര് സ്വീകരിക്കുന്നുവോ അവനിൽനിന്നും അത് സ്വീകരിക്കപ്പെടുന്നതല്ല" (3:85). പ്രവാചകന്റെ കാലത്ത് ഈ ശരീഅത്ത് പുർണത പ്രാപിച്ചു. അല്ലാഹു അതിന് നിശ്ചയിച്ച ശാശ്വതികത്വവും സിദ്ധിച്ചു: "ഇന്നേ ദിവസം നിങ്ങൾക്ക് നിങ്ങളുടെ ദീനിനെ ഞാൻ പൂർണമാക്കിത്തരികയും എന്റെ അനുഗ്രഹത്തെ നിങ്ങളുടെ മേൽ പൂർത്തീകരിക്കുകയും ഇസ്‌ലാമിനെ നിങ്ങൾക്ക് ദീനായി തൃപ്തിപ്പെടുകയും ചെയ്തിരിക്കുന്നു" (5:3). അതോടെ ഒരു ഭരണവ്യവസ്ഥയായും നീതിനിഷ്ഠമായ ഭരണഘടനയായും അത് സ്ഥിരപ്പെട്ടുകഴിഞ്ഞു. അതിനെ പിന്തുടരാതെ രക്ഷയില്ല. അതിൽനിന്നുള്ള വ്യതിയാനം മുസ്‌ലിമിൽനിന്ന് സ്വീകാര്യവുമല്ല: "ആര് അല്ലാഹു അവതരിപ്പിച്ചത് മുഖേന വിധികൽപിക്കുന്നില്ലയോ അവരാണ് സത്യനിഷേധികൾ" (5:44). "റസൂൽ നിങ്ങൾക്ക് കൊണ്ടുവന്നതിനെ നിങ്ങൾ മുറുകെപ്പിടിക്കുക; അദ്ദേഹം വിരോധിച്ചതിൽനിന്ന് വിട്ടുനിൽക്കുകയും ചെയ്യുക" (59:7).

പക്ഷേ, ജീവിതം എന്നെന്നും മുന്നോട്ടു കുതിച്ചുകൊണ്ടിരിക്കും; അതിന്റെ ആവശ്യങ്ങളും താൽപര്യങ്ങളും പുതുതായി ഉണ്ടായിക്കൊണ്ടിരിക്കും; ജനങ്ങളുടെ പരസ്പര ബന്ധങ്ങളും പ്രവർത്തന മാർഗങ്ങളും ഉൽപാദനരീതികളും വ്യത്യാസപ്പെട്ടുകൊണ്ടിരിക്കും. പുതിയ ഘടനകൾ, പുതിയ അനുഭൂതികൾ, പുതിയ ലക്ഷ്യങ്ങൾ എല്ലാം നിലവിൽവരും. അപ്പോൾ ഒരു സുസ്ഥിര ചിന്താപദ്ധതിക്ക് പുതുതായി ഉണ്ടായിക്കൊണ്ടിരിക്കുന്ന ആവശ്യങ്ങളെയും സ്ഥിതിവിശേഷങ്ങളെയും എങ്ങനെ നേരിടാനാവും? ഈ ആവശ്യങ്ങൾക്കും സ്ഥിതിവിശേഷങ്ങൾക്കും ഒരു സുസ്ഥിര ചിന്താഗതിയുടെ തണലിൽ എങ്ങനെയാണ് ചലിക്കാനും വളരാനും കഴിയുക?

ഇക്കാര്യമാണ് എല്ലാറ്റിലും മുമ്പായി ഇസ്‌ലാമിക ശരീഅത്ത് ശ്രദ്ധിച്ചത്. അതിനാൽ, മൗലിക തത്ത്വങ്ങളുടെയും പൊതു അടിസ്ഥാനങ്ങളുടെയും രൂപത്തിൽ അതാഗതമായി. ദശക്കണക്കിൽ സജീവ സാമൂഹിക രൂപങ്ങൾ അതിൽനിന്നുടലെടുക്കാം. അതിന്റെ പൊതുവായ ചട്ടക്കൂട്ടിനുള്ളിൽ കഴിയുകയും അതിൽനിന്ന് അടിസ്ഥാന മൂല്യനിർണയങ്ങളെ സ്വീകരിച്ചുകൊണ്ട്, ആ സാമൂഹിക രൂപങ്ങൾക്ക് ശാഖാവത്കരണങ്ങളിലും പ്രയോഗവത്കരണങ്ങളിലും യഥേഷ്ടം വൈവിധ്യങ്ങൾ സ്വീകരിക്കാം. കാലത്തിന്റെയും സ്ഥലത്തിന്റെയും പരിമിത വൃത്തത്തിലെ ഒരു നിശ്ചിത വ്യക്തി എന്ന നിലക്കല്ലാതെ, ചരിത്രഘട്ടങ്ങളിലൊരു ഘട്ടത്തിൽ പരിമിതമായ ഒരു തലമുറ എന്ന നിലക്കുമല്ലാതെ, മനുഷ്യനോട് അവൻ മനുഷ്യൻ എന്ന നിലക്ക് മാത്രം ബന്ധപ്പെടുന്ന സുസ്ഥിരവും ശാശ്വതവുമായ ഉദ്ദേശ്യലക്ഷ്യങ്ങളുമായി അവ ഇടയരുതെന്നു മാത്രം.

ചില ഭൗതിക ചിന്താപ്രസ്ഥാനങ്ങൾക്ക് പ്രത്യേകിച്ച് മാർക്സിസത്തിന് സുസ്ഥിരമായ ചിന്താ പദ്ധതികളോടും ശാശ്വത സിദ്ധാന്തങ്ങളോടുമുള്ള വിദ്വേഷത്തിന്റെ വ്യാപ്തി നമുക്കറിയാം. നിരന്തര പരിവർത്തനത്തെക്കുറിച്ച മാർക്സിയൻ ചിന്തയോട് അവ ഇടയുന്നതും മാർക്സിസം കേവലാദർശത്തെ തകർക്കുന്നതിനോട് അവ വിയോജിക്കുന്നതുമാണ് കാരണം. എന്നാൽ, പദാർഥവാദികളുടെ പരിമിതമായ വീക്ഷണത്തേക്കാൾ വിശാലമായ ഒരു കോണിലൂടെയാണ് നാം വിഷയത്തെ നോക്കിക്കാണുന്നത്. അതിനാൽ, നിരന്തര പരിവർത്തനത്തിന്റെ സാക്ഷാത്കരണത്തിനും സുസ്ഥിര ലക്ഷ്യങ്ങളുടെ ആസ്തികൃത്തിനും ഇടയിൽ നാം വൈരുധ്യം ദർശിക്കുന്നില്ല.

ജീവിത പുരോഗതിയെ ഒരു സ്ഥിരം ലക്ഷ്യമായി ഗണിക്കൽ, ആ ലക്ഷ്യത്തിലേക്കുള്ള ജീവിതത്തിന്റെ പരിവർത്തനത്തെ നിഷേധിക്കലല്ല. മാനവരാശിയെ, ശാശ്വത ലക്ഷ്യങ്ങളുള്ള, ദൃഢമായി ബന്ധപ്പെട്ട ഒരു കൂട്ടുകുടുംബമായി ഗണിക്കൽ– അതിലെ ഓരോ തലമുറയുടെയും ആവശ്യങ്ങളും ലക്ഷ്യങ്ങളും കൈക്കൊള്ളുന്നതിനെതിരാവുന്നില്ല. അതതിന്റെ പരിതഃസ്ഥിതികൾക്കും പൈതൃകങ്ങൾക്കും ജീവിത പ്രേരകങ്ങൾക്കും അനുഗുണമായിരിക്കണമെന്നേയുള്ളൂ. എന്നാൽ, ആകത്തുകയിൽ, ഈ സുദൃഢമായ കുടുംബബന്ധത്തിൽനിന്നോ ആ ശാശ്വത ലക്ഷ്യത്തിൽനിന്നോ പുറത്തു കടക്കുകയുമരുത്.

ഈ നിലക്ക് സങ്കുചിത വീക്ഷണവും ആ വീക്ഷണത്തിന്റെ തന്നെ തീവ്രതയും ഒരു നിശ്ചിത സിദ്ധാന്തത്തെ

സ്ഥിരീകരിക്കുന്നതിലുള്ള പിടിവാശിയുമാണ് സുസ്ഥിരമായ ചിന്തകളിൽനിന്നും ശാശ്വത ലക്ഷ്യങ്ങളിൽനിന്നും ഒളിച്ചോടാനും അവയെ ശക്തിയായി നിഷേധിക്കാനും മാർക്സിസ്റ്റുകളെ പ്രേരിപ്പിക്കുന്നതെന്ന് കാണാവുന്നതാണ്.

എന്നാൽ, വിശാലവീക്ഷണവും സ്വഛമായ ചിന്താസ്വാതന്ത്ര്യവും മനുഷ്യരാശിയുടെ നീണ്ട സഞ്ചാര രേഖയെക്കുറിച്ച പരിശോധനയുമെല്ലാമാണ്, മനുഷ്യരാശിയെ എന്നപോലെ, ജീവിതത്തെയും കണ്ണികൾ ഇഴുകിച്ചേർന്ന, വിവിധ ഘട്ടങ്ങളെ തുടരെത്തുടരെ കടന്നുപോകുന്ന ഒരു കൂട്ടുകുടംബ ബന്ധമായി ഗണിക്കാൻ ഇസ്‌ലാമിനെ സഹായിക്കുന്നത്. അതിനാൽ, അത് ജീവിതത്തിന്റെ അവശ്യ ലക്ഷ്യങ്ങൾക്കും എന്നെന്നേയും മനുഷ്യരാശിക്കുമായി സുസ്ഥിരമായ ചില പൊതു അടിസ്ഥാനങ്ങൾ ശരീഅത്തിൽ നിശ്ചയിക്കുന്നു. ആ സുസ്ഥിര ശരീഅത്തിന്റെ വിശാലമായ വരുതിക്കുള്ളിൽനിന്നുകൊണ്ട്, ഇസ്‌ലാമിക കർമശാസ്ത്ര(ഫിഖ്ഹ്)ത്തിന് പുതുതായി ഉണ്ടായിക്കൊണ്ടിരിക്കുന്ന ആവശ്യങ്ങളെയും പരിവർത്തനാത്മകമായ പരിതഃസ്ഥിതികളെയും നേരിടാവുന്നതേയുള്ളൂ.

അപ്പോൾ, ഇസ്‌ലാമിക ശരീഅത്ത് സുസ്ഥിരമാണ്; മാറ്റത്തിന് വിധേയമല്ല. കാരണം, എല്ലാ പരിവർത്തനങ്ങളെയും ചൂഴ്ന്നുനിൽക്കുമാറ് സമഗ്രവും വിശാലവുമായ ഒരു വൃത്തം അത് വരച്ചുവെക്കുന്നു. എന്നാൽ, ഇസ്‌ലാമിക ഫിഖ്ഹ് മാറ്റത്തിന് വിധേയമാണ്. കാരണം, ജീവിതത്തിന്റെ നിരന്തര പരിവർത്തനം, ബന്ധങ്ങളിൽ സംഭവിക്കുന്ന മാറ്റങ്ങൾ, നവംനവങ്ങളായ ആവശ്യങ്ങൾ എന്നിവയിൽനിന്നുടലെടുക്കുന്ന പുതിയ പ്രശ്നങ്ങളിലും പരിതഃസ്ഥിതികളിലും ആ മൗലിക തത്ത്വങ്ങളെ നിയമപരമായി പ്രയോഗവത്കരിക്കുന്നതിനോടാണ് ഫിഖ്ഹ് ബന്ധപ്പെട്ടിരിക്കുന്നത്.

ഇസ്‌ലാമിക ശരീഅത്ത് ദൈവസൃഷ്ടിയാണ്. ഖുർആനും സുന്നത്തുമാണതിന്റെ പ്രമാണങ്ങൾ. ഇസ്‌ലാമിക ഫിഖ്ഹ് മനുഷ്യ നിർമിതമത്രെ. ശരീഅത്തിനെക്കുറിച്ച തങ്ങളുടേതായ വിചിന്തനത്തിൽനിന്നും വ്യാഖ്യാനത്തിൽനിന്നുമാണവർ അതിന് നിയമരൂപം നൽകിയത്. അവ നടപ്പാക്കിയതാവട്ടെ, അവരുടേതായ പരിതഃസ്ഥിതികളിൽ, അവരുടേതായ ആവശ്യങ്ങളുടെ പൂരകമായും അവർ ജീവിച്ച തലമുറയുടെ ഘടനകൾക്ക് സഹായകമായും മാത്രമായിരുന്നു. ആ തലമുറയുടെ കാര്യഗ്രഹണ സ്വഭാവം, അതിന്റെ ലക്ഷ്യനിർണയം, വ്യക്തികളും സംഭവങ്ങളും അതിൽ ജനിപ്പിക്കുന്ന താൽപര്യങ്ങൾ എന്നിവയെല്ലാം ആ നിയമീകരണത്തെ സ്വാധീനിക്കുക സ്വാഭാവികമാണ്. ഇസ്‌ലാമിക ഫിഖ്ഹിനെ രൂപപ്പെടുത്തിയ ആ വ്യക്തികളുടെ ഉൾക്കാഴ്ച എന്തുതന്നെയാവട്ടെ, അവരുടെ ചക്രവാളങ്ങളുടെ വിശാലതയും വിലയിരുത്തലുകളിലെ സൂക്ഷ്മതയും എത്രത്തോളമാവട്ടെ, ഒരു കാര്യം നാം പരിഗണിച്ചേ മതിയാവൂ. അതായത്, കർമശാസ്ത്രപരമായ അവരുടെ നിയമീകരണങ്ങൾ അവരുടെ സംഭവകാലത്തെ ആവശ്യങ്ങളുടെ പൂർത്തീകരണമായിട്ടു മാത്രമായിരുന്നു. എത്രത്തോളമെന്നാൽ, കർമശാസ്ത്രകാരന്മാരുടെ സൈദ്ധാന്തിക സങ്കൽപങ്ങൾ പോലും, ഈ ആവശ്യങ്ങളുടെ പ്രചോദനത്താലോ അവരെയും അവർ ജീവിച്ച കാലഘട്ടത്തെയും ചൂഴ്ന്നുനിന്ന പരിതഃസ്ഥിതികളുടെയും, ആ കാലഘട്ടത്തിലും പരിതസ്ഥിതിയിലും നിലനിന്ന സാമൂഹിക ബന്ധങ്ങളുടെയും അനിവാര്യമായ പ്രേരണയാലോ ഉടലെടുത്തവ മാത്രമായിരുന്നു.

ഈ സാമാന്യ സിദ്ധാന്തം 'ഫഖീഹു'കൾ എന്ന പേരിലറിയപ്പെടുന്ന ഇസ്‌ലാമിലെ കർമശാസ്ത്രകാരന്മാരിൽ മാത്രം പരിമിതമല്ല. റസൂലിന്റെ മണാനന്തരം, സ്വഹാബത്തിനും അതുപോലെത്തന്നെ ബാധകമാണ്. അബൂബക്ർ, ഉമർ, അലി, ഇബ്നു അബ്ബാസ്, ഇബ്നു ഉമർ(റ) തുടങ്ങിയവരും അവരുടെ സഖാക്കളും ഇസ്‌ലാമിക ശരീഅത്തിനെക്കുറിച്ച് കൂടുതൽ അവഗാഹമുള്ളവരാണെന്നതിൽ സംശയമില്ല. അതിന്റെ അടിസ്ഥാന സിദ്ധാന്തങ്ങളെയും ആഭിമുഖ്യങ്ങളെയും കുറിച്ച് കൂടുതൽ ഉൾക്കാഴ്ചയുള്ളവരാണെന്നതും നിസ്തർക്കമത്രെ. എന്നാൽ, ഈ ശരീഅത്തിനെ നടപ്പാക്കിയത് പരിതഃസ്ഥിതിയുടെ താൽപര്യങ്ങളെയും കാലഘട്ടത്തിന്റെ ആവശ്യങ്ങളെയും നേർക്കുനേരെ പൂർത്തീകരിക്കുക എന്ന നിലക്കായിരുന്നു. അതൊരിക്കലും ശരീഅത്തിന്റെ ഒരു പവിത്ര ഭാഗമായിത്തീരുക സാധ്യമല്ല. ഖുർആനും സുന്നത്തും മാത്രമാണ് ശരീഅത്തിന്റെ പ്രമാണങ്ങൾ. അവ രണ്ടുമല്ലാത്തത് ഇസ്‌ലാമികമായ വെറും കർമവ്യവസ്ഥകൾ (ഫിഖ്ഹ്) മാത്രമാണ്. പ്രാമാണികത (ഹുജ്ജിയത്ത്)യുടെ പദവിയെ സംബന്ധിച്ചേടത്തോളം അവ പരസ്പര ഭിന്നങ്ങളാവാം. വരുംതലമുറയുടെ വഴിത്താരയിൽ അവ വെട്ടം കാണിക്കുകയും അവരെ വിചിന്തനത്തിന് സഹായിക്കുകയും ശരീഅത്തിൽനിന്ന് നിയമനിർധാരണം (ഇസ്തിൻബാത്ത്) നടത്തുന്നതിലും നിയമത്തിന്റെ പ്രയോഗവത്കരണരീതിയിലും അവർക്ക് മാർഗദർശകമാവുകയും ചെയ്തേക്കാം.

ഈ സാമാന്യ സിദ്ധാന്തത്തിന്റെ വിശദീകരണത്തിലേക്ക് പ്രവേശിക്കുന്നതിനു മുമ്പായി ഫിഖ്ഹിലെ രണ്ട് മഹാപ്രവാഹങ്ങളെ വിവേചിച്ചറിയുന്നത് നന്നായിരിക്കും: 'ഇബാദത്തി'(ആരാധനാനുഷ്ഠാനങ്ങൾ)ന്റെയും 'മുആമലാത്തി'(സാമൂഹിക ഇടപാടുകൾ)ന്റെയും രണ്ട് പ്രവാഹങ്ങൾ– ഇസ്‌ലാമിക പ്രത്യയശാസ്ത്രത്തിന്റെ പ്രകൃതിയനുസരിച്ച് അവക്കിടയിൽ ദൃഢമായ ബന്ധമുണ്ടെന്ന കാര്യം ഇവിടെ വിസ്മരിക്കുന്നില്ല– ആരാധനകളെക്കുറിച്ച് മാത്രമുള്ള ഫിഖ്ഹ് കൂടുതൽ സ്ഥിരവും ഭദ്രവുമാണ്. കാരണം, ആരാധനാപരമായ ചടങ്ങുകളോടാണല്ലോ അത് ബന്ധപ്പെട്ടിരിക്കുന്നത്. കാലഘട്ടങ്ങളുടെയും തലമുറകളുടെയും പ്രയാണം അതിൽ പ്രതിഫലനം സൃഷ്ടിക്കുകയില്ല. എന്നാൽ ഇടപാടുകളെക്കുറിച്ച് മാത്രമുള്ള ഫിഖ്ഹ് കൂടുതൽ പരിവർത്തനവിധേയമാണ്. കാരണം ഒരു നിശ്ചിത ഘടനയിൽ അടിയുറച്ചിരിക്കാതെ, സദാ നവീനമായിക്കൊണ്ടിരിക്കുന്ന മാനുഷികാവശ്യങ്ങളാൽ അങ്ങേയറ്റം സ്വാധീനിക്കപ്പെടുമത്. ബന്ധങ്ങൾ കെട്ടുപിണയുകയും സ്ഥിതിഗതികൾക്ക് മാറ്റം സംഭവിക്കുകയും, മുമ്പ് പരിഗണനയിലില്ലാതിരുന്ന പുതിയ സാമൂഹിക ഘടനകളും ബന്ധങ്ങളും രംഗത്ത് വരുകയും ചെയ്യുമ്പോൾ അതനിവാര്യവുമാണ്.

ഈ ചർച്ചയിൽ ഇടപാടുകളെക്കുറിച്ച ഫിഖ്ഹ് (ഫിഖ്ഹുൽ മുആമലാത്ത്) മാത്രമേ നമ്മുടെ പരിഗണനയിൽ പെടുന്നുള്ളൂ. അതാണല്ലോ സമൂഹത്തിന്റെ ക്രമീകരണവും ജീവിതത്തിന്റെ പൊതുവായ നടത്തിപ്പും അതിന്റെ നാനാതുറകളോരോന്നിലെയും ബന്ധങ്ങളുടെയും കെട്ടുപാടുകളുടെയും നിജമായ നിയന്ത്രണവും നിർവഹിക്കുന്നതാണ്.

ജീവിതത്തിന്റെ നവംനവങ്ങളായ പ്രശ്നങ്ങൾക്ക് അപ്പപ്പോൾ നൽകപ്പെട്ട ഉത്തരമാണ് ഫിഖ്ഹ്. അതാകട്ടെ, സമുദായ ജീവിതത്തിലെ അസ്ഥിരമായ പരിതഃസ്ഥിതികളുടെ മേലുള്ള, സുസ്ഥിരമായ ഇസ്‌ലാമിക ശരീഅത്തിന്റെ ഭാഗികമായ പ്രയോഗവത്കരണത്തിന്റെ രൂപത്തിലും.

അബൂബക്ർ, ഉമർ, അലി, ഇബന് അബ്ബാസ്, ഇബ്നു ഉമർ എന്നിവരെപ്പോലെ പ്രവാചക സഖാക്കളിൽപെട്ട ആളുകൾ ഇസ്‌ലാമിക ശരീഅത്തിന്റെ ചൈതന്യത്തെ അഗാധമായി ഗ്രഹിച്ചവരും, അതിനെക്കുറിച്ച് അങ്ങേയറ്റത്തെ ഉൾക്കാഴ്ചയുമുള്ളവരുമാണെന്ന കാര്യത്തിൽ തർക്കത്തിനവകാശമില്ല. റസൂ

ലിന്റെ കാലശേഷം, അവരുടേതായ പരിതഃസ്ഥിതികളിൽ അവരതിനെ നടപ്പാക്കിയത് കൂടുതൽ ഭദ്രവും കൂടുതൽ സൂക്ഷ്മവുമായിട്ടായിരുന്നു. എന്നാൽ, ഇക്കാര്യം ശരീഅത്തിന്റെ പ്രയോഗവത്കരണം പോലും അന്നന്നത്തെ ആവശ്യങ്ങളുടെ പൂർത്തീകരണമായും അതേ ആവശ്യങ്ങളുടെ സ്വാഭാവികമായ പ്രചോദന ഫലമായുമാണ് സംഭവിച്ചതെന്ന വസ്തുതയെ നിഷേധിക്കുന്നില്ല. സാമൂഹിക ചുറ്റുപാടുകൾ ഒരിക്കലും ചരിത്രത്തിൽ അതേപോലെ ആവർത്തിക്കില്ല. കേവലമായ സാദൃശ്യങ്ങൾ മാത്രം ഉണ്ടായെന്നുവരും. കഴിഞ്ഞുപോയ ഒരു പരിതഃസ്ഥിതിയിലെ പ്രയോഗവത്കരണപരമായ ഏതു വിധിയും–ദൈവികവിധിയോ നബിയുടെ വ്യക്തമായ നടപടിയോ അല്ല–പുതിയ തലമുറകൾക്ക് വന്നുചേരുന്ന തത്തുല്യമായ പരിതഃസ്ഥിതികളിൽ വെളിച്ചമുൾക്കൊള്ളാനും പ്രമാണമാക്കാനും മാത്രമേ ഉപകരിക്കൂ! അതപ്പടി നടപ്പാക്കുക എന്ന പ്രശ്നമേയില്ല. കാരണം, അല്ലാഹുവിന്റെ ശരീഅത്തിൽ മനുഷ്യൻ എത്തിച്ചേർന്ന കേവലമായ ഒരഭിപ്രായമാണത്; അല്ലാഹുവിൽനിന്ന് ലഭിച്ച സുസ്ഥിരമായ ശരീഅത്തിന്റെ ഒരു ഭാഗമൊന്നുമല്ല.

പ്രവാചകന്റെ ഖലീഫമാരെയും സ്വഹാബത്തിനെയും കുറിച്ച് ഈ തത്ത്വം നാം അംഗീകരിച്ചാൽ അത്, അതുകൊണ്ടുതന്നെ ഇസ്‌ലാമിലെ ഫഖീഹുകൾക്കും മദ്ഹബുകളുടെ നായകന്മാർക്കും മറ്റുള്ളവർക്കും കൂടി ബാധകമാണെന്ന കാര്യം വളരെ വ്യക്തവും നിസ്തർക്കവുമത്രെ.

ശരീഅത്തിനെയും ഫിഖ്ഹിനെയും കുറിച്ചാണിത്രയും. എന്നാൽ, സമൂഹത്തെയും അതിന്റെ പരിവർത്തനങ്ങളെയും സംബന്ധിച്ചേടത്തോളം ഇസ്‌ലാമിക സമൂഹത്തിന്റെ കഴിഞ്ഞകാല രൂപങ്ങൾ അവക്ക് പരിമിതികളേർപ്പെടുത്തുകയോ സമൂഹത്തിന് സ്വീകരിക്കാവുന്ന എല്ലാ രൂപങ്ങളെയും ഉൾക്കൊള്ളുകയോ ചെയ്യുന്നില്ല. ഓരോ തലമുറക്കും ഇസ്‌ലാമിക സിദ്ധാന്തങ്ങളുടെ വിശാല വരുതികൾക്കുള്ളിലായി അതതിന്റെ സാമൂഹിക വ്യവസ്ഥകൾ നിർമിക്കാം. ശരീഅത്തിന്റെ മൗലികമായ അടിത്തറകളിൽനിന്നുകൊണ്ടുള്ള കർമശാസ്ത്രപരമായ നിയമനിർധാരണം വഴി ഒരോന്നിനും കാലഘട്ടത്തിന്റെ ആവശ്യങ്ങൾ പൂർത്തീകരിക്കാം. എന്നാൽ, ഇജ്തിഹാദിന്റെ ഉത്തമമായ മാർഗങ്ങൾ പിന്തുടരുകയും ഓരോ തലമുറയിലേക്ക് പണ്ഡിതന്മാരുടെ ഭൂരിപക്ഷാഭിപ്രായമുണ്ടായിരിക്കുകയും വേണം. ഇഷ്ടമുള്ളവർക്ക് ഇഷ്ടം പോലെ പ്രവർത്തിക്കാവുന്നവിധം സംഗതിയെ അരാജകമായി വിട്ടുകൂടല്ലോ.

ഈ തത്ത്വങ്ങളംഗീകരിക്കുന്നതോടെ ഇസ്‌ലാമിക സാമൂഹിക ഘടനകളുടെ കഴിഞ്ഞകാല രൂപങ്ങൾ–ശരീഅത്തിന്റെ വ്യക്തമായ വിധിയില്ലാത്തിടത്ത്– വഴികാട്ടുന്ന മാർഗസ്തംഭങ്ങളും വെളിച്ചം കാട്ടുന്ന ദീപസ്തംഭങ്ങളുമായിത്തീരുന്നു. സമൂഹത്തിന്റെ ക്രമീകരണത്തിൽ മാനുഷികമായ അനുഭവങ്ങൾ ഉപയോഗപ്പെടുത്താനുള്ള വീഥികൾ തുറന്നുകിട്ടുന്നു. ഇസ്‌ലാമിക സാമൂഹിക ചിന്തയുടെ സവിശേഷതകളെയും മനുഷ്യസമൂഹത്തിൽ സാക്ഷാത്കരിക്കാനായി ഇസ്‌ലാം കൊണ്ടുവന്ന മൂല്യങ്ങളെയും സംരക്ഷിച്ചുകൊണ്ടായിരിക്കണമത്. സമുദായങ്ങളുടെ ജീവിതത്തിൽ ഒരു നിമിഷമോ നിമിഷാർധമോ ആയി ഗണിക്കപ്പെടുന്ന ഒരു കാലഘട്ടത്തിനുള്ളിൽ ഈ സമൂഹത്തിന് ഒരു നിശ്ചിത നാഗരികത നിർമിക്കാനാണ് ഇസ്‌ലാം വന്നതെന്ന വസ്തുത വ്യക്തമായി ഗ്രഹിച്ചിരിക്കേണ്ടതുണ്ട്.

സ്വന്തം സിദ്ധാന്തങ്ങളെയും സവിശേഷതകളെയും കാത്തുരക്ഷിക്കാൻ കഴിയുക; അതേയവസരം ആ സിദ്ധാന്തങ്ങളിലും സവിശേഷതകളിലും അധിഷ്ഠിതമായ വിവിധ സാമൂഹികരൂപങ്ങൾ രംഗത്ത് വരാനനുവദിക്കുകയും ചെയ്യുക– ഇസ്‌ലാമിലെ മഹത്തായൊരു അത്ഭുത പ്രതിഭാസമത്രെ ഇത്. ഇതിന്റെ കാരണങ്ങൾ കുടികൊള്ളുന്നത്, മനുഷ്യപ്രകൃതിയെയും മനുഷ്യജീവിതത്തെയും എന്നല്ല, യഥാർഥത്തിൽ മുഴുവൻ അസ്തിത്വത്തെയും ഭരിച്ചുകൊണ്ടിരിക്കുന്ന അതേ നിയമമാണ് പ്രസ്തുത സിദ്ധാന്തങ്ങളെയും സവിശേഷതകളെയും ഭരിച്ചുകൊണ്ടിരിക്കുന്നത് എന്നതിലത്രെ. ഈ നിയമം അതിന്റെ ഘടനയുടെതന്നെ ഒരു ഭാഗമെന്നോണം പരിവർത്തന വിധേയത്വത്തോടും ആവശ്യമായ വിശാലതയോടുമൊപ്പം സ്ഥിരതയെയും ഭദ്രതയെയും ഉൾക്കൊള്ളുന്നു. അതിനാൽ, മനുഷ്യരാശിയുടെ നിരന്തര പരിവർത്തനം ഈ സുസ്ഥിര ശരീഅത്തുമായി ഏറ്റുമുട്ടുകയില്ല.

കാലഘട്ടത്തിന്റെ നവംനവങ്ങളായ ആവശ്യങ്ങളുമായി ഒത്തുപോകാൻ സമൂഹത്തിനാവശ്യമായിവരുന്ന ശരീഅത്തുപരമായ പ്രയോഗവത്കരണങ്ങൾക്കും ശാഖാവത്കരണങ്ങൾക്കും നാല് തരത്തിലുള്ള സാധ്യതകളുണ്ട്:

ഒന്ന്, ശരീഅത്ത് ഒരു നിശ്ചിത വിധിയെക്കുറിച്ച് വ്യക്തമായും ആധികാരികമായും പ്രസ്താവിച്ചിരിക്കുക. അപ്പോൾ യാതൊരുവിധ ഭേദഗതിയോ രൂപവ്യത്യാസമോ കൂടാതെ അത് പ്രയോഗത്തിൽ വരുത്തുക നിർബന്ധമാണ്. കാരണം, ഈ അവസ്ഥയിലത് ഒന്നുകിൽ, ഇസ്‌ലാമിക ശരീഅത്തിന്റെ ശാശ്വതികത്വം കൽപിക്കപ്പെട്ടിട്ടുള്ള സ്തംഭങ്ങളിൽ ഒരടിസ്ഥാന സ്തംഭവുമായി ബന്ധപ്പെട്ടതായിരിക്കും. അവയാണെങ്കിൽ ഈ സമൂഹത്തിന്റെ ഘടനയിൽതന്നെ രൂഢമൂലവും ഇതര സമൂഹങ്ങളിൽനിന്നവയെ വ്യതിരിക്തമാക്കുന്നവയുമാണ് താനും. ഉദാഹരണമായി, പലിശയെക്കുറിച്ച ആധികാരിക വിധി. ഏതൊരു സാമ്പത്തികവും സാമൂഹികവുമായ അടിത്തറയിൽ സമൂഹത്തെ പടുത്തുയർത്തണമെന്ന് ഇസ്‌ലാം ഇഛിക്കുന്നുവോ ആ അടിത്തറയുമായി അടിസ്ഥാനപരമായിത്തന്നെ വിയോജിക്കുന്ന ഒന്നാണ് പലിശ. അവക്കിടയിൽ രഞ്ജിപ്പുണ്ടാക്കാനോ അതിപ്രധാനമായ ആ അടിത്തറയിൽ ഭേദഗതി വരുത്താനോ നിവൃത്തിയില്ല. അല്ലെങ്കിൽ, ആ ആധികാരിക വിധി ഈ സമൂഹത്തിന്റെ ലക്ഷണങ്ങളിൽ ഒരടിസ്ഥാന ലക്ഷണവുമായി ബന്ധപ്പെട്ടതായിരിക്കണം. അവയെ സ്ഥിരീകരിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്നതാവട്ടെ എല്ലാ കാലത്തേക്കും എല്ലാ സ്ഥലത്തേക്കും ബാധകമായ മറ്റൊരു ലക്ഷ്യത്തെ സംരക്ഷിക്കാനുമായിരിക്കും. ഉദാഹരണമായി, ശിക്ഷാനടപടികളെക്കുറിച്ച വ്യക്തമായ വിധികൾ. ഇസ്‌ലാമിക സമൂഹത്തിൽ ശാശ്വതികത്വം കൽപിക്കപ്പെടുന്ന ചില നിശ്ചിത ധാർമിക സിദ്ധാന്തങ്ങളുടെ സാക്ഷാത്കരണത്തിനു വേണ്ടിയാണവ. അതുമല്ലെങ്കിൽ, ആ വിധി സ്ഥലകാല വ്യത്യാസമനുസരിച്ച് അടിസ്ഥാനത്തിന് വ്യത്യാസം വരാത്ത, നിയമ നിർമാണപരമായ ഒരു സിദ്ധാന്തത്തോട് ബന്ധപ്പെട്ടതായിരിക്കും. ഉദാഹരണമായി, കച്ചവടപരമല്ലാത്ത അവധി നിശ്ചയിച്ച കടത്തിന് കടപ്പത്രിക എഴുതലും അതോടൊപ്പം സാക്ഷിനിർത്തലും നിർബന്ധമാണെന്ന വ്യക്തമായ ശാസന. ഇടപാടിന് സാധുതയും ഭദ്രതയും ഉറപ്പുനൽകുമാറ് ഇടപാടിന്റെ പരിതഃസ്ഥിതികളുമായി യോജിപ്പുണ്ടതിന്.

ശരീഅത്തിലെ വിധികളെ നാം പരിശോധിച്ചാൽ അവയെല്ലാം ഇത്തരത്തിലുള്ള ആശയങ്ങളുമായി ബന്ധം പുലർത്തുന്നത് കാണാം. അതിനാൽ അവ സുസ്ഥിരമാണെന്നതിന് അവയെല്ലാം നിശ്ചലമാണെന്നർഥമില്ല. ചില ശാശ്വത ലക്ഷ്യങ്ങളുമായി അവ ബന്ധം പുലർത്തുന്നുവെന്നേയുള്ളൂ. അവയെ ഭരിക്കുന്ന നിയമവും ജീവിതത്തെയും പ്രകൃതിയെയും ഭരിക്കുന്ന നിയമവും ഒന്നുതന്നെയാണ്. ഓരോ നിമിഷത്തിലും ഓരോ ഘടകത്തിലും സ്ഥിരതയെയും

ചലനത്തെയും ഒപ്പം സമ്മേളിപ്പിക്കുന്ന മഹത്തായ പ്രാപഞ്ചിക നിയമത്തിന്റെ ഭാഗം! ഗോളങ്ങളുടെ സ്ഥിരതയും ചലനവും ജീവിതത്തിന്റെ സ്ഥിരതയും ചലനവും സമൂഹത്തിന്റെ സ്ഥിരതയും ചലനവും നാം കാണുന്നുണ്ടല്ലോ! 'അല്ലാഹു മനുഷ്യനെ സൃഷ്ടിച്ചതായ അവന്റെ പ്രകൃതി. അല്ലാഹുവിന്റെ സൃഷ്ടിപ്പിന് മാറ്റമില്ല' (30:30).

രണ്ട്, ശരീഅത്തിൽ വ്യാഖ്യാനാർഹങ്ങളായ ഒന്നോ ഒന്നിലധികമോ ആധികാരിക പ്രസ്താവങ്ങളുണ്ടാവുക. അപ്പോൾ വിവിധ പ്രസ്താവങ്ങളെയോ അല്ലെങ്കിൽ ഒരു പ്രസ്താവത്തെയും അതിനെ നടപ്പാക്കാൻ വിചാരിക്കുന്ന പരിതഃസ്ഥിതിയെയും തമ്മിലോ ഏകോപിപ്പിച്ചുകൊണ്ട്, അല്ലെങ്കിൽ ഏതെങ്കിലുമൊരു ഭാഗത്തിന് മുൻഗണന കൽപിച്ചുകൊണ്ട് ഇജ്തിഹാദ് ചെയ്യേണ്ടതാണ്. എന്നാൽ, ഇസ്‌ലാമിന്റെ ആദ്യകാലത്ത് അത് നടപ്പാക്കിയതിന്റെ പ്രായോഗിക രൂപത്തിൽനിന്ന് മാർഗദർശനം തേടിയും പ്രശ്നത്തിൽ പണ്ഡിതന്മാരുടെ അഭിപ്രായങ്ങൾ ആരാഞ്ഞുമായിരിക്കണം അങ്ങനെ ചെയ്യുന്നത്. ആ പ്രായോഗിക രൂപങ്ങളെയോ അഭിപ്രായങ്ങളെയോ പൂർണമായി അവലംബിക്കുകയുമരുത്. അവയെല്ലാം കാലഘട്ടത്തിന്റെ താൽക്കാലിക പ്രശ്നങ്ങൾക്കുള്ള പരിഹാരങ്ങൾ മാത്രമാണ്.

മൂന്ന്, ശരീഅത്ത് ഒരു പൊതുസിദ്ധാന്തം കൊണ്ടുവന്നിരിക്കുക; ഈ പ്രത്യേക പ്രശ്നവും അതിലുൾപ്പെടുക. എന്നാൽ, ഇതിനെക്കുറിച്ച് വ്യക്തമായി അതിലൊന്നും പ്രസ്താവിക്കാതിരിക്കുകയും ചെയ്യുക. അങ്ങനെ വരുമ്പോൾ, ആ പൊതുസിദ്ധാന്തത്തെ അതിന്റെ ഒരു ശാഖ മാത്രമായ ഈ പ്രശ്നത്തിൽ എങ്ങനെ പ്രയോഗിക്കാമെന്നതിനെക്കുറിച്ച് ഇജ്തിഹാദ് ചെയ്യേണ്ടതാണ്– പൂർവികരുടെ നടപടികളിലും കർമശാസ്ത്രപരമായ ശാസനകളിലും ഒരു കേവല പരിശോധന നടത്തുന്നതോടൊപ്പമായിരിക്കണം.

നാല്, ശരീഅത്ത് ഇക്കാര്യത്തെക്കുറിച്ച് തീരെ നിശ്ശബ്ദത പാലിച്ചിരിക്കുക. അപ്പോഴത് സ്വതന്ത്രമായ ഇജ്തിഹാദിന് വിടുന്നതാണ്. ഇസ്‌ലാമിന്റെ അടിസ്ഥാന സിദ്ധാന്തങ്ങളിൽ ഏതെങ്കിലുമൊരു സിദ്ധാന്തം എത്തിച്ചേരുന്ന നിഗമനവുമായോ നിയമനിർമാണപരമായ അടിസ്ഥാനങ്ങളിൽ ഏതെങ്കിലുമൊന്നുമായോ ഇടയാൻ പാടില്ലെന്നു മാത്രം. തത്തുല്യമായ പരിതഃസ്ഥിതികളിൽ ഫഖീഹുകൾ കൈക്കൊണ്ട നടപടികളിൽനിന്ന് മാർഗദർശനം സ്വീകരിക്കാവുന്നതാണ്.

ഇതുമൂലം, ഇസ്‌ലാമിക ചിന്തയുടെ വികാസക്ഷമതയെയും ഇസ്‌ലാമിക വ്യവസ്ഥയുടെ നൂതനത്വത്തെയും ഭദ്രമായി നിലനിർത്തുകയാണ് നാം. പിൽക്കാലത്ത് വന്നുചേർന്ന കർമശാസ്ത്രപരമായ കെട്ടിക്കുടുക്കുകളിൽനിന്ന് രക്ഷപ്പെടുകയും ചെയ്യാം. അവയാകട്ടെ, ഇസ്‌ലാമിക ശരീഅത്തിനെ സമീപിക്കുന്നവരിൽ ഫിഖ്ഹിനെക്കുറിച്ച് നിരാശ വളർത്തിക്കൊണ്ടിരിക്കുകയാണ്. കാരണം, ശരീഅത്തിന്റെ അടിസ്ഥാനങ്ങളിലൊന്നാണ് ഫിഖ്ഹ്; അതേക്കുറിച്ച പഠനങ്ങൾ കൂടാതെ ഇസ്‌ലാമിനെ മനസ്സിലാക്കാൻ ആരാലും സാധ്യമല്ല എന്നവർ വിചാരിക്കുന്നു. വാസ്തവം പറഞ്ഞാൽ, കർമശാസ്ത്ര വിധികൾ ഒരു നിശ്ചിത കാലഘട്ടത്തിനനുഗുണമായി ശരീഅത്തിനെ വ്യാഖ്യാനിക്കുകയും പ്രയോഗവത്കരിക്കുകയും ചെയ്യാൻ നടത്തപ്പെട്ട മാനുഷികമായ ശ്രമങ്ങളിൽ കവിഞ്ഞൊന്നുമല്ല. ആ കാലഘട്ടത്തിന്റെയും ജീവിതത്തെക്കുറിച്ച അതിന്റെ വിഭാവനകളുടെയും ചൈതന്യം ആ ശ്രമങ്ങളെ സഹായിച്ചിട്ടുണ്ട്. അവയുടെ കാലഘട്ടത്തിനേ അവ കൊള്ളുകയുള്ളൂ. ഇസ്‌ലാമിന്റെ ചൈതന്യത്തെയും ഇസ്‌ലാം ജീവിതത്തെ കൈയാളുന്ന രീതിയെയും കുറിച്ച ശരിയായ ബോധം, സ്പഷ്ടവും കേവലവുമായ ശരീഅത്തിലേക്ക് മടങ്ങാനും നമ്മുടെ കാലത്തെ പ്രശ്നങ്ങളുടെ പരിഹാരത്തിന് അതിൽനിന്ന് നേരിട്ട് പരിഹാരം ഉൾക്കൊള്ളാനും നമ്മെ നിർബന്ധിക്കുന്നു. മുജ്തഹിദുകളായ പണ്ഡിതന്മാർ തങ്ങളുടെ കാലത്ത്, തങ്ങളുടെ സമുദായത്തിന്റെയും കാലഘട്ടത്തിന്റെയും ആവശ്യങ്ങൾ പരഹരിക്കാൻ ചെയ്തതും അതാണല്ലോ.

ഈ വശം ഒന്നുകൂടി വ്യക്തമാക്കാം. ഇസ്‌ലാമിക ഫിഖ്ഹിന്റെ വളർച്ചയും വികാസവും പ്രവാചകന്റെ മരണശേഷം എട്ടാം നൂറ്റാണ്ടുവരെ നിലനിന്നു. ഇസ്‌ലാമിക സമൂഹത്തിന്റെ വളർച്ചയുടെയും വികാസത്തിന്റെയും ചുവടൊപ്പിച്ചായിരുന്നു ഫിഖ്ഹിന്റെ വളർച്ചയും വികാസവും. നവംനവങ്ങളായ ആവശ്യങ്ങളെ അവ രംഗത്ത് വരുന്നതിനനുസരിച്ച് പരിഹരിച്ചുകൊണ്ടിരുന്നു. കാരണം, ഇസ്‌ലാമികശരീഅത്ത് തന്നെയായിരുന്നു സമൂഹത്തെ ഭരിച്ചുകൊണ്ടിരുന്നത്; അതിന്റെ മിക്ക കാര്യങ്ങളും കൈയാളിയിരുന്നതും.

'മിക്ക കാര്യങ്ങളെയും?!' അതെ, മുഴുവൻ കാര്യങ്ങളെയുമല്ല. കാരണം, ഖിലാഫത്തുർറാശിദ അവസാനിക്കുകയും മുആവിയയിലൂടെ ഏകാധിപതി രംഗത്തുവരികയും ചെയ്തതു മുതൽ ഭരണനയവും സാമ്പത്തികനയവും ഇസ്‌ലാമിന്റെ സിദ്ധാന്തങ്ങളിൽനിന്നും അൽപാൽപമായോ അധികമായോ വ്യതിചലിച്ചുകൊണ്ടിരുന്നു.

ഈ വ്യതിയാനങ്ങൾ ആരംഭത്തിൽ എത്രതന്നെ ഭാഗികമാകട്ടെ, ക്രമേണ ക്രമേണ വലുതായി വന്നു. ഇസ്‌ലാമിക സമൂഹങ്ങളിലെ ജീവിതചലനങ്ങളുടെ വിവിധ വശങ്ങളിൽനിന്ന് ശരീഅത്തിന്റെ നിഴലുകൾ അൽപാൽപമായി പിൻവാങ്ങിത്തുടങ്ങി. അതേസമയം, പ്രസ്തുത ഭരണകൂടങ്ങൾ ജനങ്ങൾക്കും പണ്ഡിതന്മാർക്കും വിട്ടുകൊടുത്ത സ്വതന്ത്രമായ വശങ്ങളിൽ ഫിഖ്ഹിന്റെ വളർച്ച തുടരുകയും വർധിക്കുകയും ചെയ്തുകൊണ്ടിരുന്നു.

ഇവിടന്നാണ്, ഇസ്‌ലാമിക ചരിത്രത്തിലെ ഇരുണ്ട യുഗങ്ങളിൽ ഇബാദത്തുകളെ സംബന്ധിച്ച ഫിഖ്ഹിൽ പെരുപ്പവും സാമൂഹിക വ്യവസ്ഥകളെ സംബന്ധിച്ച ഫിഖ്ഹിൽ ശുഷ്കതയും ഉണ്ടായിത്തീർന്നത്. കാരണം, ഇബാദത്തുകളുടെ രംഗം 'മൂഢജൽപന'ങ്ങൾ ശല്യം ചെയ്യാത്ത ഭദ്രമായ രംഗമായിരുന്നു. എന്നല്ല, ചിലപ്പോൾ അതുകൊണ്ട് കാര്യവുമുണ്ടായിരുന്നു! ആ കാലഘട്ടങ്ങളിൽ നിലനിന്ന സാമൂഹിക ഘടനകളെക്കുറിച്ച വിചിന്തനത്തിൽനിന്ന് കർമശാസ്ത്രപരമായ തർക്കവിതർക്കങ്ങളിലേക്ക് ജനശ്രദ്ധ തിരിച്ചുവിടാമല്ലോ!!

ഇങ്ങനെയെല്ലാമായിട്ടും, ഇസ്‌ലാമിക കർമശാസ്ത്രം അതിന്റെ മുഴുവൻ മേഖലകളിലും സിവിലും ക്രിമിനലുമായ നിയമനിർമാണത്തിൽ പ്രത്യേകിച്ചും, ഹിജ്റ എട്ടാം നൂറ്റാണ്ടുവരെ വമ്പിച്ച വിജയങ്ങൾ നേടിക്കൊണ്ടിരുന്നു.

വ്യാപാര നിയമത്തിന്റെ നിർമാണത്തിലും തദൈവ. ഈ രംഗത്തെ യൂറോപ്പ് പ്രയോജനപ്പെടുത്തി. സ്പെയിനിലെ ഇസ്‌ലാമിക സമൂഹത്തിൽനിന്നവരത് പകർത്തി. ആധുനിക 'കൊമേഴ്സ്യൽ' നിയമങ്ങൾ നിർമിക്കുന്നതിൽ അതിനെ നന്നായി ഉപയോഗപ്പെടുത്തുകയും ചെയ്തു. പക്ഷേ ഫിഖ്ഹ് ഈ രംഗത്തും എട്ടാം നൂറ്റാണ്ട് മുതൽ വളർച്ച മുട്ടി നിലച്ചുപോയി. കർമശാസ്ത്രപരമായി കാര്യമായ വല്ല ഇജ്തിഹാദും അനിവാര്യമാകുന്ന ആവശ്യങ്ങളോ പരിവർത്തനങ്ങളോ സംഭവിക്കാതിരിക്കുമാറ് ഇസ്‌ലാമിക സമൂഹം കെട്ടിനിന്നതിനെത്തുടർന്നായിരുന്നു അത്. എത്രത്തോളമെന്നാൽ, അവസാനത്തെ മൂന്ന് നൂറ്റാണ്ടുകളിൽ ജീവിതം വ്യാപകമായ വല്ല മുന്നേറ്റമോ, മനുഷ്യസമുദായം പുതിയ കുതിച്ചുചാട്ടമോ നടത്തിയാൽ ആ മുന്നേറ്റത്തിന്റെ ചുവടൊപ്പിച്ച് നീങ്ങാൻ ഇസ്‌ലാമിക ഫിഖ്ഹ് ഒട്ടും സജ്ജവുമായിരുന്നില്ല. അങ്ങനെ ഫിഖ്ഹിന്റെ ക്രമാ

നുഗതമായ പ്രയാണത്തിനും, ആധുനിക ജീവിതത്തോടും അതിന്റെ ഇരട്ടിക്കിരട്ടി യായി വർധിച്ച ആവശ്യങ്ങളോടുമൊപ്പം ചുവടുവെച്ചു നീങ്ങുന്നതിനും ഇടയിൽ ചരിത്രപരമായ വമ്പിച്ച വിടവ് കാണായി.

നമ്മുടെ ഈ ആധുനിക സമൂഹ ത്തിൽ ഇസ്‌ലാമിക ശരീഅത്തിനെ പ്രയോഗിക്കാൻ ഉദ്ദേശിക്കുന്നുവെങ്കിൽ നാമിന്നെന്ത് ചെയ്യണം?

നമ്മുടെ മുമ്പിൽ രണ്ട് മാർഗങ്ങ ളുണ്ട്: ഒന്ന്, ഇസ്‌ലാമിക കർമശാസ്ത്ര ത്തിന്റെ കാലടികൾ നിശ്ചലമായേടത്തു നിന്ന് നമുക്ക് വീണ്ടും ചലനമാരംഭിക്കാം. വിശാലവും അഗാധവുമായ ആ വിട വിനെ നികത്തുന്ന പുതിയ ചർച്ചകൾക്കു വേണ്ടി; ഈ വളർച്ച സ്വാഭാവികവും അകൃത്രിമവുമാകാൻ വേണ്ടിയും. അതിന് അവസാനത്തെ മൂന്നു നൂറ്റാണ്ടു കൾക്കിടയിൽ ഉത്ഭവിക്കുകയും നിലനി ന്നുകൊണ്ടിരിക്കുകയും ചെയ്ത ദൈനം ദിനാവശ്യങ്ങളെയും സാമൂഹിക പരിതഃ സ്ഥിതികളെയും സൂക്ഷ്മമായി അവലോ കനം ചെയ്യേണ്ടതുണ്ട്. വികസ്വരവും ക്രമാനുഗതവുമായ ആ കർമശാസ്ത്ര പഠനങ്ങൾ, ആദ്യത്തെ എട്ടു നൂറ്റാണ്ടു കളിലെപ്പോലെ, സ്വാഭാവികവും സജീവ വുമായ ഒരു പരമ്പരയിൽ ആധുനിക യുഗംവരെ തുടരേണ്ടതുമുണ്ട്. കഴിഞ്ഞ കാല സാമൂഹിക പരിതഃസ്ഥിതികളെ സൂക്ഷ്മമായവലോകനം ചെയ്യാൻ സാധിക്കില്ലെന്നിരിക്കെ നമ്മുടെ പ്രവർത്തനങ്ങൾ സങ്കൽപങ്ങളെ അടി സ്ഥാനപ്പെടുത്തിയായിപ്പോവും. അതി നാൽ നാം തെറ്റുകളിൽനിന്ന് സുരക്ഷി തരായിരിക്കുകയുമില്ല. മാത്രമല്ല, അതൊരു കൃത്രിമ ശ്രമവുമായിരിക്കും. കാരണം, ഒരു നിശ്ചിത നിയമനിർമാണം അനിവാര്യമാക്കിത്തീർക്കുന്ന, സംഭവ ലോകത്തിന്റെ ഏതെങ്കിലുമൊരാവശ്യമ ല്ലല്ലോ നമ്മെ ഈ ശ്രമത്തിന് നിർബന്ധി ക്കുന്നത്. ഇന്ന് നമുക്ക് അനുഭവപ്പെ ടാത്ത ആവശ്യങ്ങളെക്കുറിച്ച കേവല സങ്കൽപങ്ങൾ മാത്രമാണവ. കാലചക്രം അതിന്റെ സുദീർഘമായ പ്രയാണത്തിൽ അവയെ കടന്നുപോയിരിക്കുന്നു.

ഇസ്‌ലാമിക കർമശാസ്ത്രത്തെ ഇവ്വിധം വളർത്തിയെടുക്കാതെ സാമൂ ഹിക രംഗങ്ങളിൽ നാം അതിലേക്ക് തിരി ക്കുന്നത് വെറുമൊരു പാഴ്‌വേലയായി രിക്കും. എന്നിട്ടല്ലേ കാലിക പ്രശ്നങ്ങളെ പൂർണമായി പരിഹരിക്കുന്നതിൽ അത് നമ്മെ സഹായിക്കുന്നത്.

രണ്ട്, ഇസ്‌ലാമിക ശരീഅത്തിനെ, അതായത് അതിന്റെ സാമാന്യ സിദ്ധാ ന്തങ്ങളെയും മൗലിക നിയമനിർമാണങ്ങ ളെയും നേർക്കുനേരെ അവലംബിക്കുക. നമ്മുടെ കാലിക പ്രശ്നങ്ങളുടെ പ്രായോ ഗിക പരിഹാരം അതിൽനിന്ന് തേടുക– നമുക്കു മുമ്പ് ഇസ്‌ലാമിക കർമശാസ്ത്ര കാരന്മാർ തങ്ങളുടെ കാലഘട്ടത്തിന്റെ ആവശ്യങ്ങൾക്ക് ശരീഅത്തിൽനിന്ന് പരിഹാരം നേടാൻ ചെയ്തപോലെ. ശരീ അത്തിനെ പ്രയോഗവത്കരിക്കുന്നതിന് അവർ സ്വീകരിച്ച രീതിയെ മാർഗദർശ കമായും അവർ എത്തിച്ചേർന്ന വിധി കളെ സഹായകമായും സ്വീകരിക്കാം. എ ന്റെ വീക്ഷണത്തിൽ, ഇതായിരിക്കും സു ചിന്തിതമായ മാർഗം. ഒരേയൊരു മാർഗം ഇതു മാത്രമായിരിക്കില്ലെങ്കിലും. ■